[redacted]

KERALA BANK
Kerala State Co-operative Bank
A Scheduled Bank

# THE KERALA STATE CO-OPERATIVE BANK LTD.

(A Scheduled Bank)

KSCB/HR/1002/2026-27 18.04.2026

Registered with A/D

## ശിക്ഷണ ഉത്തരവ്

വിഷയം:- അച്ചടക്ക നടപടിയുടെ ഭാഗമായി ബാങ്ക് സർവ്വീസിൽ നിന്നും ഡിസ്മിസ്സ് ചെയ്യുന്നത് സംബന്ധിച്ച്.

സൂചന :-

1. 23.03.2022-ൽ KSCB/HO/HRD/HRD2/2019/3911 നമ്പരായി നൽകിയ മെമ്മോ
2. 21.05.2024-ൽ KSCB/HR/1353/2024-25 നമ്പരായി നൽകി കുറ്റാരോപണ മെമ്മോയും അനുബന്ധ പത്രികയും.
3. ഗാർഹിക അന്വേഷണം സംബന്ധിച്ച് 02.08.2024-ൽ താങ്കൾക്ക് നൽകിയ KSCB/HR/4187/2024-25 നമ്പർ കത്ത്.
4. 05.11.2024-ൽ സമർപ്പിക്കപ്പെട്ട ഗാർഹിക അന്വേഷണ റിപ്പോർട്ട്.
5. 02.01.2025-ൽ KSCB/HR/8188/2024-25 നമ്പരായി ഗാർഹിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നൽകിയ കാരണം കാണിക്കൽ നോട്ടീസ്.
6. 10.04.2025-ൽ പ്രാദേശിക ദിനപത്രത്തിലെ അറിയിപ്പ്.
7. KSCB/HR/5362/2025-26 നമ്പരായി 21.08.2025 - ൽ നൽകിയ കാരണം കാണിക്കൽ നോട്ടീസ്.

ബാങ്കിന്റെ കോഴിക്കോട് റീജിയണൽ ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തുവന്നിരുന്ന **ശ്രീ. പ്രബീഷ്.പി.കെ** (ID No.05184) എന്ന താങ്കൾ നിയമാനുസൃതം അവധി അപേക്ഷ മുൻകൂറായി സമർപ്പിച്ച് ബാങ്കിന്റെ അനുമതി വാങ്ങാതെ 23.02.2022 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതെയിരിക്കുകയും ആയതുവഴി ബാങ്കിന്റെ ദൈനംദിന പ്രവർത്തനത്തിന് ബുദ്ധിമുട്ട് സൃഷ്ടിച്ചിരിക്കുന്നു. അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്തതിനെ തുടർന്ന് താങ്കൾക്ക് 23.03.2022-ൽ ബാങ്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നുവെങ്കിലും ടി നോട്ടീസിന് താങ്കൾ നാളിതുവരെ മറുപടി സമർപ്പിച്ചിട്ടില്ലാത്തതുമാണ്.

അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുക വഴി താങ്കൾ ബാങ്ക് സ്റ്റാഫ് റെഗുലേഷൻ Clause 7, Clause 44(d), 44(e), 44(h) എന്നിവയുടെ ലംഘനവും Clause 55(1)(f) 55(1)(g) എന്നിവ പ്രകാരം ഗുരുതരമായ അച്ചടക്കലംഘനവും നടത്തിയിട്ടുള്ളതാകുന്നു.

Kerala State Co-operative Bank
KERALA BANK
Head Office
Thiruvananthapuram

സൂചന (2) പ്രകാരം താങ്കൾക്ക് നൽകിയ കുറ്റാരോപണ മെമ്മോയ്ക്കും അനുബന്ധ പത്രികയ്ക്കും താങ്കൾ മറുപടി നൽകിയിരുന്നില്ല. തുടർന്ന് താങ്കളുടെ മേൽ ആരോപിക്കപ്പെട്ട അച്ചടക്കലംഘനങ്ങൾ അന്വേഷിക്കുന്നതിലേയ്ക്കായി ആഭ്യന്തര അന്വേഷണം നടത്താൻ ബാങ്ക് തീരുമാനിക്കുകയും, അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച വിവരം സൂചന (3) കത്ത് പ്രകാരം താങ്കളെ അറിയിച്ചിട്ടുള്ളതാണ്. ടി കത്ത് 10.08.2024-ൽ താങ്കൾ കൈപ്പറ്റിയിട്ടുള്ളതുമാണ്. ആഭ്യന്തര അന്വേഷണത്തിന്റെ ഭാഗമായി 29.08.2024 നടന്ന അദ്യവിചാരണയിലും തുടർന്ന് 03.09.2024, 19.09.2024, 30.09.2024 എന്നീ തീയതികളിലെ വിചാരണകളിലും താങ്കൾ അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാവുകയോ അവധി അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

ഗാർഹിക അന്വേഷണ വേളയിൽ താങ്കൾക്കെതിരെ ഉന്നയിക്കപ്പെട്ടിട്ടുള്ള എല്ലാ ആരോപണങ്ങളും ഖണ്ഡിക്കുന്നതിന് താങ്കൾക്ക് അവസരം ഉണ്ടായിരുന്നെങ്കിലും താങ്കൾ ആയത് ഉപയോഗപ്പെടുത്തിയിട്ടില്ലാത്തതാണ്. ആഭ്യന്തര അന്വേഷണം പൂർത്തീകരിച്ച് സൂചന (4) പ്രകാരം റിപ്പോർട്ട് 05.11.2024-ൽ അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ചിട്ടുള്ളതാണ്. ഗാർഹിക അന്വേഷണത്തിൽ താങ്കൾക്കെതിരെ ഉന്നയിക്കപ്പെട്ടിട്ടുള്ള എല്ലാ ആരോപണങ്ങളും, തെളിവുകളുടെയും മൊഴികളുടെയും അടിസ്ഥാനത്തിൽ തെളിയിക്കപ്പെട്ടിരിക്കുന്നു.

താങ്കളുടെ പ്രവർത്തി സ്റ്റാഫ് റെഗുലേഷൻ Clause 7, 44(d), 44(e), 44(h) എന്നിവയുടെ ലംഘനവും Clause 55(1)(f), 55(1)(g) പ്രകാരം ഗുരുതരമായ അച്ചടക്ക ലംഘനത്തിന്റെ പരിധിയിൽ വരുന്നതുമാണെന്ന് അന്വേഷണത്തിൽ തെളിയിക്കപ്പെട്ടിരിക്കുന്നു.

ഗാർഹിക അന്വേഷണ റിപ്പോർട്ട് അച്ചടക്ക ഉപസമിതി വിശദമായും സൂക്ഷ്മതയോടെയും പരിശോധിക്കുകയും തുടർന്ന് റിപ്പോർട്ട് അംഗീകരിച്ചിട്ടുള്ളതുമാണ്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കാതിരിക്കാൻ കാരണം വല്ലതും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയതു സമർപ്പിക്കുന്നതിന് റിപ്പോർട്ടിന്റെ പകർപ്പ് സഹിതം സൂചന (5) പ്രകാരം താങ്കൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ടി കാരണം കാണിക്കൽ നോട്ടീസ് താങ്കൾ കൈപ്പറ്റാത്ത സാഹചര്യത്തിൽ, നോട്ടീസ് ബാങ്കിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ 10.04.2025-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിവരം അറിയിച്ച് പ്രാദേശിക ദിനപത്രത്തിൽ പരസ്യം നൽകിയിട്ടുള്ളതുമാണ്. ഗാർഹിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താങ്കൾക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസിന് താങ്കൾ മറുപടി സമർപ്പിച്ചിട്ടില്ലാത്തതുമാണ്.

തുടർന്ന് 16.05.2025-ലെ ബാങ്കിന്റെ അച്ചടക്ക ഉപസമിതി ടി വിഷയം പരിഗണിക്കുകയും ആഭ്യന്തര അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ താങ്കളുടെ ഭാഗം വിശദീകരിക്കുന്നതിനും ആരോപണങ്ങൾ ഖണ്ഡിക്കുന്നതിനും മതിയായ അവസരങ്ങൾ നൽകിയിരുന്നതായി വിലയിരുത്തുകയും, ഗാർഹിക അന്വേഷണത്തിൽ താങ്കൾക്കെതിരായിട്ടുള്ള ചാർജ്ജുകൾ എല്ലാംതന്നെ പൂർണ്ണമായും തെളിയിക്കപ്പെട്ട സാഹചര്യത്തിലും, ഒരു സാമ്പത്തിക സ്ഥാപനമായ ബാങ്കിൽ താങ്കൾ നടത്തിയിട്ടുള്ള ഗുരുതരമായ അച്ചടക്കലംഘനം കാരണം താങ്കളിലുള്ള വിശ്വാസം ബാങ്കിന് നഷ്ടപ്പെട്ടിട്ടുള്ളതിനാലും, ബാങ്ക് സർവ്വീസിൽ തുടരുവാൻ താങ്കൾക്ക് യാതൊരു അർഹതയുമില്ലാത്തതുമാകുന്നു എന്ന് കണ്ടെത്തിയിരിക്കുന്നു. ആയതിനാൽ ബാങ്ക് സ്റ്റാഫ് റെഗുലേഷൻ Clause 56A(g) പ്രകാരവും KCS Act 198(1)(h) പ്രകാരവും താങ്കളെ ബാങ്കിന്റെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് (Dismissal from service)

Kerala State Co-operative Bank KERALA BANK Head Office Thiruvananthapuram

തീരുമാനിക്കുകയും തുടർന്ന് സൂചന (7) പ്രകാരം 15 ദിവസത്തിനുള്ളിൽ വിശദീകരണം ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നെങ്കിലും ആയത് unclaimed എന്ന കുറിപ്പോടെ തപാൽ മടങ്ങിയിട്ടുള്ളതുമാണ്. തുടർന്ന് ടി കാരണം കാണിക്കൽ നോട്ടീസ് ബാങ്കിന്റെ ഔദ്യോഗിക website- ൽ പ്രസിദ്ധികരിച്ചിട്ടുള്ളതായി അറിയിച്ച പ്രാദേശിക ദിനപത്രത്തിൽ പരസ്യം നല്കിയിട്ടുള്ളതാണ്

ഗാർഹിക അന്വേഷണത്തിന്റെ ഭാഗമായി താങ്കൾക്കെതിരെയുള്ള ആരോപണങ്ങൾ ഖണ്ഡിക്കുന്നതിനും, നിഷേധിക്കുന്നതിനും താങ്കൾക്ക് നീതിയുക്തമായ അവസരങ്ങൾ നൽകിയിട്ടുള്ളതും ആയത് താങ്കൾ ഉപയോഗപ്പെടുത്തിയിട്ടില്ലാത്തതുമാണ്. മേൽ സാഹചര്യത്തിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കോഴിക്കോട് റീജിയണൽ ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തുവന്നിരുന്ന **ശ്രീ. പ്രബീഷ്.പി.കെ** (ID No.05184) എന്ന താങ്കളെ ബാങ്ക് സ്റ്റാഫ് റെഗുലേഷൻ, KCS Act and Rules എന്നിവയിലെ യഥാക്രമം Clause 56(A)(g), KCS Act Rule 198(1)h പ്രകാരം ബാങ്കിന്റെ സർവ്വീസിൽ നിന്നും 18.04.2026 മുതൽ നീക്കം ചെയ്തുകൊണ്ട് (Dismissal from Service) ഇതിനാൽ ഉത്തരവാകുന്നു.

Kerala State Co.operative Bank
KERALA BANK
Head Office
Thiruvananthapuram

പ്രസിഡന്റ്

ശ്രീ. പ്രബീഷ്.പി.കെ
പറയൻകുന്നത്ത് വീട്
അത്തോളി. പി.ഒ
കോഴിക്കോട് - 673315